"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - "മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കക്കാർക്ക് (Economically Weaker Sections)" 10% സംവരണം നടപ്പിലാക്കുന്നതിനായുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയ ഉത്തരവ് - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(കൈ) നം.23/2022/ഉ.ഭ.പ.വ തീയതി, തിരുവനന്തപുരം, 04-10-2022

---

പരാമർശം:- 1. 14.03.2019-ലെ സ.ഉ.(എം.എസ്) നം.5/2019/ഉ.ഭ.പ.വ
2. 12.02.2020-ലെ സ.ഉ.(എം.എസ്) നം.2/2020/ഉ.ഭ.പ.വ
3. 28.02.2022-ലെ സ.ഉ.(കൈ) നം.31/2022/പൊ.ഭ.വ

**ഉത്തരവ്**

കേന്ദ്ര സർക്കാർ ഭരണഘടനാ ഭേദഗതി വഴി സാമ്പത്തിക സംവരണം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മുന്നാക്കക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (Economically Weaker Sections) ഉദ്യോഗത്തിനും വിദ്യാഭ്യാസത്തിനും 10% സംവരണം ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തി പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിൽ "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നു പ്രയോഗിച്ചിട്ടുള്ളതും ആനുകൂല്യത്തിന് അർഹത നിർണ്ണയിക്കുന്നതിലേക്കായി ഉദ്യോഗ സംവരണത്തിനും വിദ്യാഭ്യാസ സംവരണത്തിനും ഒരേ മാതൃകയിലുള്ള രണ്ട് സാക്ഷ്യ പത്രങ്ങൾ ഉത്തരവിന്റെ അനുബന്ധമായി നിഷ്കർഷിച്ചിരുന്നതും കാരണം ചില സമുദായങ്ങൾക്ക് ഇരട്ട വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സർക്കാർ ടി വിഷയം സംബന്ധിച്ച് പഠിക്കുന്നതിനും ശിപാർശ സമർപ്പിക്കുന്നതിനുമായി പരാമർശം ഒന്നാമതായി രൂപീകരിച്ച കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നതിനുപകരം "സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ

വിഭാഗങ്ങൾ" എന്ന് മാറ്റം വരുത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള സാക്ഷ്യ പത്രങ്ങളിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ഉദ്യോഗ സംവരണങ്ങൾക്കും പ്രത്യേകം പ്രത്യേകം സാക്ഷ്യ പത്രങ്ങൾ നിഷ്കർഷിക്കേണ്ടതാണെന്നും കമ്മിഷൻ നിർദ്ദേശിക്കുകയും തദനുസൃതമായി പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുയും ചെയ്തു.

2) മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം(2) ഉത്തരവിൽ എവിടെയൊക്കെയാണോ "മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ" എന്നു പ്രയോഗിച്ചിട്ടുള്ളത് അവിടെയൊക്കെ അതിനു പകരമായി "സംവരണാനുസൃതം പട്ടികജാതി, പട്ടികവർഗ വിഭാഗത്തിലോ മറ്റ് പിന്നാക്ക വിഭാഗങ്ങളിലോ ഉൾപ്പെടാത്തതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ വിഭാഗങ്ങൾ" എന്ന് മാറ്റം വരുത്തിക്കൊണ്ടും ടി ഉത്തരവിൽ അനുബന്ധമായി ചേർത്തിരുന്ന Annexure-I, Annexure-II എന്നീ മാതൃക ഫോറങ്ങളെ ഒഴിവാക്കിക്കൊണ്ടും പകരമായി ഈ ഉത്തരവിനോടൊപ്പം ചേർത്തിരിക്കുന്ന Annexure-I, Annexure-II, Annexure-III, Annexure-IV എന്നീ മാതൃകാ ഫോറങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

3) പരാമർശം(2)-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പുകൾക്കും, വകുപ്പ മേധാവികൾക്കും, നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം)
ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
എൻട്രൻസ് കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
റവന്യൂ വകുപ്പ്.

ഉന്നതവിദ്യാഭ്യാസ വകുപ്പ്.
പൊതുവിദ്യാഭ്യാസ വകുപ്പ്.
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.
പൊതുഭരണ (ഏകോപനം) വകുപ്പ്.
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (മാധ്യമങ്ങളിലൂടെ പ്രചാരണത്തിന്).
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.